# ഭൂമിയുടെ ദുഃശകുനം

**തമ്പി ആന്റണി**
**തെക്കേകുറ്റ്**

പഴയ സങ്കടങ്ങൾ
പുഴയോടു പറഞ്ഞു
പുഴ പൊട്ടിചിരിച്ചു
ജന്മജന്മാന്തരങ്ങളായി
നിന്റെ സ്വപ്നങ്ങളെ
പ്രണയിച്ചു പ്രണയിച്ചു
എങ്ങോ പോയി മറഞ്ഞു
എണ്ണിയാൽ തീരാത്ത
മൃതശരീരങ്ങൾ മൺകൂനകൾ
നീന്നിലലിഞ്ഞു
എന്നിട്ടും...
നീനക്കിങ്ങനെ
ആർത്തുല്ലസിക്കാൻ
ഈ മരവിച്ച ഭൂമിയിൽ
എന്താണുള്ളത് ?
പുഴയുടെ ഓളങ്ങളിൽ
സാന്ത്വനത്തിന്റെ
നിഴലാട്ടങ്ങൾ
പുഴയൊരു രഹസ്യം
എന്നോടു മന്ത്രിച്ചു
എന്നോടു മാത്രം
മഴയില്ലാത്ത മഴക്കാലങ്ങളിൽ
എവിടെയൊക്കെയൊ
പാത്തും പതുങ്ങിയും
ശുഷ്കിച്ച
നീർചാലുകളായി
ഒഴുകിപോയി മറഞ്ഞ
കണ്ണുനീർകണങ്ങൾ
എന്റെ സങ്കടങ്ങളാണ്
നീങ്ങളുടെ ദുഃഖമാണ്
ഭൂമിയുടെ ദുഃശകുനവും

********